ആമുഖം

മാന്യരേ,

രാജ്യത്തിന് തന്നെ മാതൃക ആയിക്കൊണ്ട് കേരളത്തിൽ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാഘട്ടത്തിൽ പുതിയ ഭരണസമിതിയുടെ ആദ്യ വാർഷിക പദ്ധതിയുടെ രൂപീകരണം നടക്കുകയാണല്ലോ. ഇതിന്റെ ഭാഗമായി ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും അതാത് മേഖലകളിലെ അവസ്ഥയും പ്രശ്നങ്ങളും പഠിച്ചതിനുശേഷം പ്രശ്നപരിഹാരത്തിനും വികസനസമീപനങ്ങൾക്കുമായി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ വാർഡ്തല ഗ്രാമസഭകൾ എന്നിവയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് വാർഷിക പദ്ധതികൾക്ക് രൂപം കൊടുത്തിരിക്കുകയാണ്.

2018 ലേയും 2019 ലെയും മഹാപ്രളയത്തിൽ നിന്നും പഠനങ്ങൾ ഉൾക്കൊണ്ട് ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനും 2020 ലെ കോവിഡ് മഹാമാരി പ്രതിരോധത്തിൽ നിന്നും പാഠങ്ങൾ ഉൾകൊണ്ടുകൊണ്ട് ദുരന്ത സാധ്യതകളും ഉൾക്കൊള്ളുന്ന വികസന പരിപാടികളും ജീവിത രീതിയും പിന്തുടരാൻ സജ്ജമാക്കേണ്ടതുണ്ട്. ഇതിനായി സംഘടിപ്പിച്ച ഗ്രാമസഭകളിൽ ഉരിത്തിരിഞ്ഞു വരുന്ന ആശയങ്ങൾ 2025-26 വാർഷിക പദ്ധതിയും സംയോജിപ്പിച്ചുകൊണ്ടാണ് അടുത്ത വർഷത്തെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്.

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിലെ ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, നിർവ്വഹണ ഉദ്യോഗസ്ഥർ, അങ്കണവാടി ജീവനക്കാർ, സാക്ഷരതാ പ്രേരക്മാർ, ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധസംഘടനാ പ്രവർത്തകർ, ഹരിതകർമ്മസേന, കാർഷിക കർമ്മസേന, സാന്ത്വനം പ്രവർത്തകർ, സാക്ഷരതാ പ്രേരക്മാർ, വിവിധ സാമൂഹിക-സാംസ്ക്കാരിക- രാഷ്ട്രീയ രംഗത്തെ പ്രഗത്ഭരായ നേതാക്കന്മാർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെയൊക്കെയും ഒത്തൊരുമയോടുകൂടിയുള്ള പ്രവർത്തനമാണ് പഞ്ചായത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് ശക്തിയും ഊർജ്ജവും പകരുന്നത്.


2026-27 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളടങ്ങിയ **കരട് പദ്ധതിരേഖ** സമർപ്പിക്കുന്നു.

പഞ്ചായത്തിനുവേണ്ടി സ്നേഹാദരപൂർവ്വം,

	(ഒപ്പ്)	(ഒപ്പ്)
	രേഖ ബി. നായർ	**ഗ്രേസിക്കുട്ടി അബ്രാഹം**
മരങ്ങാട്ടുപിള്ളി,	സെക്രട്ടറി	പ്രസിഡന്റ്
21-02-2026	മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്	മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

വാർഡ് മാപ്പ്



1. കുര്യനാട്
2. പൂവത്തുങ്കൽ
3. കുറിച്ചിത്താനം ഈസ്റ്റ്
4. നെല്ലിത്താനത്തുമല
5. ഇരുമുഖം
6. പാലക്കാട്ടുമല
7. ആണ്ടൂർ
8. ആലക്കാപ്പിള്ളി
9. മരങ്ങാട്ടുപിള്ളി ടൗൺ
10. പൈക്കാട്
11. മണ്ണയ്ക്കനാട്
12. വലിയപാറ
13. ചെറുവള്ളി
14. വളകുഴി
15. പാവയ്ക്കൽ

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

പഞ്ചായത്തിന്റെ പേര്	–	മരങ്ങാട്ടുപിള്ളി
ആസ്ഥാനം	–	മരങ്ങാട്ടുപിള്ളി
പഞ്ചായത്ത് ആരംഭം	–	15 – 8 – 1953 (ഇലയ്ക്കാട് പഞ്ചായത്ത്) (8 – 11 – 1983 ൽ മരങ്ങാട്ടുപിള്ളി പഞ്ചായത്ത് എന്ന പേര് നിലവിൽ വന്നു)
താലൂക്ക്	–	മീനച്ചിൽ
വില്ലേജുകൾ	–	കുറിച്ചിത്താനം, ഇലയ്ക്കാട് (ഭാഗികം) മോനിപ്പള്ളി (ഭാഗികം)
ജില്ല	–	കോട്ടയം
ജില്ലാപഞ്ചായത്ത്	–	കോട്ടയം
ജില്ലാപഞ്ചായത്ത് ഡിവിഷൻ	–	ഉഴവൂർ, കുറവിലങ്ങാട്
ബ്ലോക്ക് പഞ്ചായത്ത്	–	ഉഴവൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	–	മരങ്ങാട്ടുപിള്ളി, കോഴാ
വാർഡുകൾ	–	15
വിസ്തീർണ്ണം	–	37.58 ച. കി. മീ.
അസംബ്ലി മണ്ഡലം	–	കടുത്തുരുത്തി
പാർലമെന്റ് മണ്ഡലം	–	കോട്ടയം
ജനസംഖ്യ	–	17758
സ്ത്രീകൾ	–	8882
പുരുഷന്മാർ	–	8876
പട്ടികജാതി	–	790
പട്ടികവർഗ്ഗം	–	45

ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര ജനപ്രതിനിധികൾ

പാർലമെന്റ് അംഗം	:	**ശ്രീ കെ. ഫ്രാൻസിസ് ജോർജ്** എം. പി. (കോട്ടയം)
എം. എൽ. എ.	:	**അഡ്വ. മോൻസ് ജോസഫ്** (കടുത്തുരുത്തി)
ജില്ലാ പഞ്ചായത്ത് മെമ്പർ	:	**ശ്രീമതി ഷിബി മത്തായി** (ഉഴവൂർ ഡിവിഷൻ)
	:	**ശ്രീ ജോസ്മോൻ മുണ്ടയ്ക്കൽ** (കുറവിലങ്ങാട് ഡിവിഷൻ)
ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ	:	**ശ്രീമതി ജൂബി തെക്കേൽ** (മരങ്ങാട്ടുപിള്ളി ഡിവിഷൻ)
	:	**ശ്രീ ബെൽജി എമ്മാനുവൽ** (കോഴാ ഡിവിഷൻ)

അതിരുകൾ

വടക്ക്	-	ഉഴവൂർ ഗ്രാമപഞ്ചായത്ത്
തെക്ക്	-	മുത്തോലി, കടപ്ലാമറ്റം ഗ്രാമപഞ്ചായത്തുകൾ
കിഴക്ക്	-	കരൂർ ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	-	കുറവിലങ്ങാട്, ഞീഴൂർ ഗ്രാമപഞ്ചായത്തുകൾ

ആസൂത്രണ സമിതി 2026 – 2027

ചെയർമാൻ	:	ശ്രീമതി ഗ്രേസിക്കുട്ടി എബ്രാഹം (പ്രസിഡന്റ്)
വൈസ് ചെയർമാൻ	:	ശ്രീ കെ. ജെ. മത്തായി കുടിയിരിപ്പിൽ
കൺവീനർ	:	രേഖ ബി. നായർ (സെക്രട്ടറി)
അംഗങ്ങൾ	:	ശ്രീ സബിൻലാൽ ബാബു (വൈസ് പ്രസിഡന്റ്)
		ശ്രീ ജാൻസി ടോജോ
		(ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി)
		ശ്രീമതി ജോസ്മോൻ ജേക്കബ്
		(ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി)
		ശ്രീ ഷീജ ബാബു
		(ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി)
		ശ്രീ സി. ആർ. നരേന്ദ്രൻ ചുടലപ്പാറ
		ശ്രീ സണ്ണി വടക്കേടം
		ശ്രീ രാജേഷ് നമ്പൂതിരി
		ശ്രീ ജെയിൻ ജി. തുടങ്ങത്തിൽ
		ശ്രീ എ. എസ്. ചന്ദ്രമോഹൻ
		ശ്രീ ജിജോ കുടിയിരിപ്പിൽ
		ശ്രീ പി. സി. ജോസഫ് പൂവൻതൊട്ടിയിൽ
		ശ്രീ ബിജി വിനോദ്
	:	ശ്രീമതി ബിൻസി ബിനീഷ് (സി.ഡി.എസ്. ചെയർപേഴ്സൺ)

വർക്കിംഗ് ഗ്രൂപ്പ് - 2026-2027

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	ചെയർമാൻ	കൺവീനർ
1. പൊതുഭരണവും ധനകാര്യവും	ശ്രീ സബിൻലാൽ ബാബു (വൈസ് പ്രസിഡന്റ്)	സെക്രട്ടറി മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
2. കൃഷി	ശ്രീ തുളസിദാസ് (വാർഡ് മെമ്പർ)	കൃഷി ഓഫീസർ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
3. മൃഗസംരക്ഷണവും ക്ഷീരവികസനവും	ശ്രീ റോബിൻ കരിപ്പാത്ത് (വാർഡ് മെമ്പർ)	വെറ്ററിനറി സർജൻ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
4. പ്രാദേശിക സാമ്പത്തിക വികസനം	ശ്രീ ജോസഫ് ജോസ് കുറുമുട്ടം (വാർഡ് മെമ്പർ)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
5. ദാരിദ്ര്യ ലഘൂകരണം	ശ്രീ ജോസ്മോൻ ജേക്കബ് (ചെയർ പേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. സാമൂഹ്യനീതി	ശ്രീമതി അനു സിബു (വാർഡ് മെമ്പർ)	ICDS സൂപ്പർവൈസർ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
7. ജെൻഡറും വികസനവും	ശ്രീമതി പ്രസീദ പി. (വാർഡ് മെമ്പർ)	ICDS സൂപ്പർവൈസർ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
8 പട്ടികജാതി പട്ടികവർഗ്ഗ വികസനം	ശ്രീ ബിനീഷ് ഭാസ്കരൻ (വാർഡ് മെമ്പർ)	ICDS സൂപ്പർവൈസർ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
9 ആരോഗ്യം	ശ്രീമതി ഷീജ ബാബു (ചെയർപേഴ്സൺ, ആരോഗ്യ–വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി)	മെഡിക്കൽ ഓഫീസർ (ഫാമിലി ഹെൽത്ത് സെന്റർ)
10. കുടിവെള്ളം ശുചിത്വം	ശ്രീമതി ആശ വർമ്മ (വാർഡ് മെമ്പർ)	അസിസ്റ്റന്റ് എഞ്ചിനീയർ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
11. വിദ്യാഭ്യാസം, കല,	ശ്രീമതി മേരി ഹെലൻ (വാർഡ് മെമ്പർ)	ഹെഡ്മാസ്റ്റർ
12 പൊതുമരാമത്ത്	ശ്രീമതി ജാൻസി ടോജോ (ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി)	എഞ്ചിനീയർ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്
13 ജൈവവൈവിധ്യ സംരക്ഷണവും പ്രകൃതിദുരന്ത നിവാരണവും കാലാവസ്ഥാ വ്യതിയാനവും	ശ്രീമതി ഗ്രേസിക്കുട്ടി എബ്രാഹം (പ്രസിഡന്റ്, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്)	സെക്രട്ടറി മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത്

ഉള്ളടക്കം

അദ്ധ്യായം-1

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന സ്ഥിതി അവസ്ഥ

15-08-1953 ൽ ഇലയ്ക്കാട് എന്ന പേരിൽ ആരംഭിച്ച പഞ്ചായത്ത് 17-08-1979 ൽ വിഭജിച്ച് ഇലയ്ക്കാട്, കടപ്ലാമറ്റം പഞ്ചായത്തുകൾ നിലവിൽ വന്നു. 08-11-1983 ൽ ഇലയ്ക്കാട് പഞ്ചായത്തിന്റെ പേര് മരങ്ങാട്ടുപിള്ളി പഞ്ചായത്ത് എന്നായി.

1956ൽ വൈദ്യുതി എത്തിയതും 1972ൽ പഞ്ചായത്തിൽ ടെലിഫോൺ പ്രവർത്തനം ആരംഭിച്ചതും പഞ്ചായത്തിന്റെ വികസനത്തിൽ സുപ്രധാന നാഴികക്കല്ലുകളാണ്. എം.സി. റോഡിന്റെയും കോഴാ മുതൽ ഇല്ലിയ്ക്കൽ വരെയുള്ള റോഡിന്റെയും നിർമ്മാണം നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് അടിത്തറപാകി. 1930 കാലഘട്ടത്തിൽ ഈ റോഡുകളിൽകൂടി വാഹനഗതാഗതം ആരംഭിച്ചു. ഇതേത്തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ നിലവിൽ വന്നു.

ഉയർന്ന മലകളും അവയ്ക്കുമേൽ സമതലങ്ങളും മൊട്ടക്കുന്നുകളും ചെരിവുകളും അരുവികളും നിറഞ്ഞ ഹരിത മനോഹരമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമാണ് നമ്മുടെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് പ്രദേശം.

ഫലഭൂയിഷ്ഠമായ മണ്ണും, ശ്രേഷ്ഠമായ കാലാവസ്ഥയും ആവശ്യത്തിനു വെള്ളവും വിവിധതരം സസ്യങ്ങളും മൃഗങ്ങളും പക്ഷികളും അധ്വാനശീലരായ മനുഷ്യരും ഇവിടെയുണ്ട്. ഇവയുടെ സമഗ്രമായ വിനിയോഗം ഓരോ വ്യക്തിയുടെയും തൈവെ ഗ്രാമത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നു.

നെടുമ്പാറ, ചേലൂർമല, ചുടലപ്പാറ, കോലത്താംകുന്ന്, നാടുകുന്ന്, ശാസ്താംപാറ, പാമ്പൂരിപ്പാറ, കാളാംപുലിമല മണിയാക്കുപാറ ഈ പ്രദേശങ്ങൾ കൂടുതലും പാറക്കെട്ടുകൾ നിറഞ്ഞ സ്ഥലങ്ങളാണ്. വെട്ടുകൽ ചേർന്ന ചരൽമണ്ണ് അടങ്ങിയതാണ് ബാക്കി പ്രദേശങ്ങൾ. ജലലഭ്യതയും അടിസ്ഥാന സൗകര്യങ്ങളും കുറവായതിനാൽ ഈ പ്രദേശത്ത് ജനസാന്ദ്രതയും കുറവാണ്.

മൊത്തം വിസ്തീർണ്ണത്തിന്റെ 40% ഭൂമിയും ചെരിവിടങ്ങളാണ്. നാണ്യവിളകളും തോട്ടവിളകളും ഇവിടത്തെ പ്രധാന കൃഷികളാണ്.

ഭൂപ്രകൃതിയും കാലാവസ്ഥയും

ശരാശരി സമുദ്രനിരപ്പിൽ നിന്നുമുള്ള ഉന്നതിയുടെ അടിസ്ഥാനത്തിൽ കേരളത്തെ 3 ഭൂവിഭാഗങ്ങളായി തരംതിരിച്ചിട്ടുള്ളതിൽ മരങ്ങാട്ടുപ്പിള്ളി ഗ്രാമപഞ്ചാ

യത്ത് ഇടനാട് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. പഞ്ചായത്തിൽ പ്രധാനമായു കുന്നിൻപ്രദേശങ്ങൾ, ചരിഞ്ഞ പ്രദേശങ്ങൾ, താഴ്വരകൾ എന്നീ 3 തരത്തിലുള്ള ഭൂരുപങ്ങളാണ് പ്രധാനമായും കണ്ടുവരുന്നത്. ശരാശരി സമുദ്രനിരപ്പിൽ നിന്നും 150 മീ ഉയരമുള്ള മരങ്ങാട്ടുപിള്ളി പ്രദേശമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. പഞ്ചായത്തിലെ പ്രധാന കുന്നുകളുടെ മുകൾഭാഗങ്ങൾ താരതമ്യേന കുറഞ്ഞചരിവുള്ള സമതലപ്രദേശങ്ങളിൽ മേൽമണ്ണിന്റെ അഭാവവും കാഠിന്യമേറിയ ചെങ്കൽപ്പാറകളുടെ സാന്നിധ്യവും കണ്ടുവരുന്നു. മേൽമണ്ണിന്റെ ഘനം തീരെ കുറവും ശുദ്ധജലദൗർല്ലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നതുമായ ഇത്തരം പ്രദേശങ്ങളിൽ പ്രധാനമായു കശുമാവ്, റബ്ബർ മുതലായവ കൃഷി ചെയ്തു വരുന്നു. കുന്നുകൾക്ക് മദ്ധ്യേയായി സ്ഥിതി ചെയ്യുന്ന ഏറ്റവും താഴ്ന്നതും ചരിവിന്റെ തോത് തീരെ കുറഞ്ഞതുമായ പ്രദേശങ്ങൾ താഴ്വരകൾ എന്നറിയപ്പെടുന്നു. വർഷം മുഴുവൻ തൃപ്തികരമായ തോതിൽ ഭുഗർഭജലം ലഭ്യമായ ഇത്തരം പ്രദേശങ്ങളിൽ പ്രധാനമായും എക്കൽമണ്ണാണ് കണ്ടുവരുന്നത്. കുന്നിൻമണ്ടകൾക്കും താഴ്വരകൾക്കും മദ്ധ്യേയായി സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ ചരിവുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. ചരിവിന്റെ തോത് പഞ്ചായത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽ വിഭിന്നമാണ്. കുറഞ്ഞ ചരിവുള്ള പ്രദേശങ്ങൾ മുതൽ വളരെ കൂടിയ ചരിവുള്ള കിഴുക്കാംതൂക്കായ പ്രദേശങ്ങൾവരെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. കുന്നിൻമണ്ടകളേയും, താഴ്വരകളേയും ബന്ധിപ്പിക്കുന്നതും മണ്ണൊലിപ്പിന് താരതമ്യേന സാധ്യത കൂടുതലുള്ളതുമായ കവുങ്ങ്, വാഴ, കുരുമുളക് മുതലായ കൃഷി ചെയ്തിരിക്കുന്നു.

പഞ്ചായത്തിലെ ഓരോ സർവ്വെ നമ്പർ ഭൂമിയുടെയും ഭൂവിനിയോഗരീതികളായ നെൽവയലുകൾ, നികത്തി വയലുകൾ തെങ്ങിൻതോപ്പുകൾ, കവുങ്ങ്, റബ്ബർ, കശുമാവ് തോട്ടങ്ങൾ, നിർമ്മിതിപ്രദേശങ്ങൾ, മിശ്രിതവിളകൾ, കൃഷിയോഗ്യമായതും അല്ലാത്തതുമായ തരിശുഭൂമികൾ, പാറക്കെട്ടുകൾ തുടങ്ങിയവ വ്യത്യസ്ത വർണ്ണങ്ങളും, അക്ഷരങ്ങളും ഉപയോഗിച്ച് ഈ ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിശ്രിതവിളകൾകൊണ്ടുദ്ദേശിക്കുന്നത്. തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് മുതലായ വ്യത്യസ്ഥവിളകൾ ഓരോ വളപ്പിൽ കൃഷി ചെയ്യുന്ന രീതിയെയാണ്. നിത്യവിളകളായി രേഖപ്പെടുത്തുവാനുള്ള പ്രദേശവ്യാപനം ഇല്ലത്ത സാഹചര്യത്തിലാണ് അവയെ മിശ്രിതവിളകളായി രേഖപ്പെടുത്തുന്നത്. നിർമ്മിതി പ്രദേശങ്ങളായി രേഖപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ പ്രധാനമായും കെട്ടിടനിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നു.

പാരിസ്ഥിതിക അവലോകനം

ഇന്നു നമ്മുടെ ചുറ്റുപാടുമുണ്ടായിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഏറിയ പങ്കും മനുഷ്യ നിർമ്മിത കാരണങ്ങൾക്കൊണ്ടുണ്ടായിട്ടുള്ളവയാണ്. അശാസ്ത്രീയ രീതിയിലുള്ള മണ്ണ് ഖനനം, പാറപൊട്ടിയ്ക്കൽ, തോട് വിസ്തീർണ്ണം കുറയ്ക്കൽ, വയൽ നികത്തൽ, മരങ്ങൾ വെട്ടി നശിപ്പിക്കൽ തുടങ്ങിയവ വരും കാലങ്ങളിൽ പ്രകൃതിയുടെ സമൂല നാശത്തിലേയ്ക്ക് വഴിതെളിച്ചേക്കാവുന്ന കാരണങ്ങളാണ്.

ശുദ്ധജലക്ഷാമം

മരങ്ങാട്ടുപിള്ളി പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്നും 150 മീ. ഉയരത്തിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്. വേനലാരംഭത്തോടെ ഭൂരിഭാഗം പ്രദേശങ്ങളിലെയും ജലവിതാനം താഴ്ന്നുപോകുന്നു. ഇതുമൂലം ഇവിടുത്തെ കിണറുകളും, തോടുകളും, കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും വറ്റി വരളുന്നു. മഴവെള്ളം മുഴുവനും ഭൂപ്രകൃതിയുടെ സ്വാധീനത്താലും മേൽ മണ്ണിന്റെ അഭാവത്താലും, കുറഞ്ഞവിള തീവ്രതയാലും ഉപരിതലങ്ങളിലൂടെ ഒഴുകിപ്പോകുന്നു. കൂടാതെ മനുഷ്യന്റെ പ്രവർത്തികളായ പാടശേഖരങ്ങൾ നികത്തുന്നതും ചെമ്മണ്ണ് ഖനനത്താലും ജല ദൗർലഭ്യം രൂക്ഷമാവുന്നതിനിടയാകുന്നു. ഇവിടുത്തെ പ്രധാനകൃഷി റബ്ബറാണ്. ദീർഘകാല വിളകൾ കൃഷിചെയ്യുന്നതിനാൽ മേൽമണ്ണിന് യാതൊരു തരത്തിലുള്ള ഇളക്കവും തട്ടുന്നില്ല. ഇടയ്ക്കിടയ്ക്ക് മണ്ണ് കിളച്ച് മറിച്ചെങ്കിൽ മാത്രമെ ഭൂമിയിലേയ്ക്ക് ജലം ആഗീരണം ചെയ്യുകയുള്ളു. അതിനാൽ നീർവാർച്ച കുറഞ്ഞു വരുന്നതിനാൽ ഭൂഗർഭജലസമ്പത്ത് വർഷം കൂടുംതോറും കുറഞ്ഞു വരുന്നു. ഇത് കൂടുതൽ ജല ദൗർലഭ്യത്തിലേയ്ക്ക നയിക്കുന്നു.

മണ്ണൊലിപ്പ്

പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഗൗരവമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മണ്ണൊലിപ്പ് ഈ പഞ്ചായത്തിലും രൂക്ഷമാണ്. മനുഷ്യ നിർമ്മിത പ്രവർത്തികളാലും സസ്യാവരണത്തിന്റെ അഭാവത്താലും ഭൂപ്രകൃതിയുടെ സ്വാധീനം മൂലവും പ്രളയംമൂലവും വർഷപാതത്തിൽ മേൽമണ്ണ് ഒലിച്ചുപോകുന്നു. പോഷകാംശമുള്ള മേൽമണ്ണ് തുടർച്ചയായി നഷ്ടപ്പെടുന്നതിനാൽ കാർഷിക മേഖലയിൽ നിന്നുള്ള ഉത്പാദനം കുറയുകയും അത് സമ്പദ്ഘടനയെ വളരെയധികം താഴേക്ക് കൊണ്ടു വരുന്നതിനിടയാവുകയും ചെയ്യുന്നു.

തരിശുഭൂമികൾ

പഞ്ചായത്തിലെ 30.40 ഹെക്ടർ ഭൂപ്രദേശം കൃഷിയൊന്നും ചെയ്യാതെ തരിശ്ശായി കിടക്കുന്നു. 10.62 ഹെക്ടർ പ്രദേശം കരിങ്കൽ പാറകളുടെ സാന്നിധ്യം മൂലം കൃഷിയോഗ്യമല്ല. ശേഷിക്കുന്ന തരിശ് ഭൂമികളിൽ 10.08 ഹെക്ടർ കരഭൂമിയും 8.07 ഹെക്ടർ വയൽ പ്രദേശവും 1.63 ഹെക്ടർ നികത്തിയ വയൽ പ്രദേശവും ഉൾപ്പെടുന്നു. പഞ്ചായത്തിലെ പരിതേപ്പതിക്കൽ, കോഴിക്കൊമ്പ്, ഇളമ്പക്കോടത്ത്, തുളുമ്പക്കോടെ എന്നീ പ്രദേശങ്ങളിലെ വയലുകൾ വെറുതെ തരിശ്ശായിട്ടിരിക്കുന്നു. കൃഷിയോടുള്ള ഇവിടുത്തെ ആളുകളുടെ താല്പര്യക്കുറവും, ജലസേചന സൗകര്യങ്ങളുടെ, അഭാവവും, തൊഴിലാളികളുടെ ലഭ്യതക്കുറവുമാണ് ഭൂമിതരിശ്ശായിട്ടിരിക്കാനുള്ള പ്രധാനകാരണങ്ങൾ.

ജലമലിനീകരണം

ഓരോ ദിനം കഴിയുന്തോറും ജലമലിനീകരണവും കൂടിവരുന്നു. കാരണം അശാസ്ത്രീയവും അനിയന്ത്രിതവുമായ രാസവള/കീടനാശിനികളുടെ പ്രയോഗം ഈ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ വ്യാപകമായ രീതിയിൽ മലിനമാക്കുന്നു. ഈ രാസവളങ്ങൾ മണ്ണിന്റെ ഫലഭൂയിഷ്ഠിത നഷ്ടപ്പെടുത്തുന്നു. ഇത്തരം

രാസവളങ്ങ ളുടെയും കീടനാശിനികളുടെയും അംശം മഴവെള്ളത്തിലൂടെയും മറ്റും ജലസ്രോതസ്സുകളിലേയ്ക്കും ഉപരിതലങ്ങളിലേയ്ക്കും കലർന്ന് ജലത്തെ മലിനമാക്കുന്നു.

ജലസ്രോതസ്സുകളുടെ ഉന്മൂലനം

പ്രകൃതിദത്ത ജലസംഭരണികളായ കുളങ്ങൾ, കിണറുകൾ, ഉറവകൾ, എന്നി വയുടെ വേണ്ട വിധത്തിലുള്ള സംരക്ഷണത്തിന്റെ അഭാവം ഇവയെ നാശത്തി ലേയ്ക്ക് നയിക്കുന്നു. തോടുകളുടെ വശങ്ങളിലെ സസ്യങ്ങൾ വെട്ടി നശിപ്പിക്കുന്ന് മൂലം മത്സ്യ പ്രജനനത്തിനുള്ള സാഹചര്യം ഇല്ലാതാവുകയും മത്സ്യ സമ്പത്ത് കുറയുകയും ചെയ്യുന്നു. മാലിന്യങ്ങൾ തോടുകളിലേയ്ക്ക് ഒഴുക്കി വിടുന്നതും കൃഷിയിടങ്ങളിലെ രാസവളത്തിന്റെ അമിതോപയോഗവും ജലമലിനീകരണത്തിനും അതുവഴി മത്സ്യ സമ്പത്തിന്റെ കുറവിനും കാരണമാവുന്നു.

കുറഞ്ഞവിള തീവ്രത

ദീർഘകാലവിളയായ റബ്ബറിന്റെ വ്യാപനം എല്ലാ പ്രദേശങ്ങളിലെയും പോലെ ഇവിടെയും കണ്ടു വരുന്നു. കുറഞ്ഞ ഉല്പാദന ചിലവ്, സ്ഥിരവരുമാനം, ഉയർന്ന വില എന്നിവ റബ്ബർ കൃഷിയുടെ വ്യാപനം മറ്റു കാർഷിക വിളകളുടെ ഉത്പാദ നത്തെ മന്ദഗതിയിലാക്കുകയും ചെയ്യുന്നു. അതുപോലെതന്നെ റബ്ബർ കൂടുതൽ ജലത്തെ മണ്ണിൽ നിന്ന് വലിച്ചെടുക്കുന്നതിനാൽ ജലലഭ്യത കുറയുന്നു. താരത മ്യേന കുറഞ്ഞ ഉല്പാദനചിലവും ദീർഘകാലം ആദായം നൽകുന്നതുമായ റബ്ബർ കൃഷിയിൽ നിന്നും ഭക്ഷ്യ വിളകളിലേയ്ക്ക് കർഷകരെ മാറ്റിയെടുക്കേണ്ടത് അത്യാ വശ്യമാണ്.

മേൽ പറഞ്ഞിരിക്കുന്ന പാരിസ്ഥിക പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. പ്രകൃതി ദത്ത ജലസംഭരണികളും ജലസ്രോതസ്സുകളും വേണ്ട വിധത്തിൽ സംരക്ഷിക്കുകയും അതുപോലെ തന്നെ മണ്ണൊലിപ്പ് തടയുന്നതിനാ വശ്യമായ മണ്ണ് സംരക്ഷണ പരിപാടികൾ കൈക്കൊള്ളുകയും വയൽ നികത്തൽ തടയുകയും ഏകവിള കൃഷി പോലെ തന്നെ മിശ്രവിളകൃഷിയും പ്രോത്സാഹിപ്പി ക്കുക, എന്നിവയിലൂടെയൊക്കെ ജലക്ഷാമം ഒരു പരിധിവരെ തടയാൻ കഴിയും.

ചെറുകിട കർഷകരും, കർഷക തൊഴിലാളികളും അധിവസിക്കുന്ന ഈ ഗ്രാമീണ മേഖലയിൽ റബ്ബറാണ് മുഖ്യവിള, കുരുമുളക്, തെങ്ങ് തുടങ്ങിയ മറ്റ് കാർഷിക വിളകളും കൃഷി ചെയ്തു വരുന്നു.

സാമൂഹിക സാംസ്ക്കാരിക കാർഷിക രംഗത്ത് പങ്കാളിത്താധിഷ്ഠിത സുസ്ഥി ര വികസനത്തിലൂടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് പഞ്ചായത്ത് ഭര ണനേതൃത്വം മുന്നേറുവാൻ ശ്രമിക്കുന്നത്.

14-ാം പഞ്ചവത്സരപദ്ധതിയിലേയ്ക്ക് കടന്നിരിക്കുന്ന നമ്മൾ അധികാരവികേന്ദ്രീ കരണത്തിലൂടെ കൈവന്നിരിക്കുന്ന അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കു വാൻ ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾക്കു നടുവിൽ ലഭ്യമായ പദ്ധതിവിഹി തം ജനോപകാരപ്രദമായ പദ്ധതികൾക്കായി ചെലവഴിക്കാൻ ഭരണസമിതി പ്രതിജ്ഞാ ബദ്ധതയോടെ പ്രവർത്തിച്ചു വരുന്നു.

അധ്യായം -2

നടപ്പ് വാർഷിക പദ്ധതി അവലോകനം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ 2025-26 വാർഷിക പദ്ധതിയിൽ പ്പെടുത്തിയിട്ടുള്ള പദ്ധതി പൂർത്തിയായി വരികയാണ്.

കാർഷിക മേഖലയിൽ 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത നെൽകൃഷി വികസനം സമഗ്ര വിളപരിപാലനം, അടുക്കളമുറ്റത്തെ പച്ചക്കറി എന്നീ പദ്ധതികൾ നടപ്പിലാക്കി. മൃഗസംരക്ഷണ മേഖലയിൽ മുട്ടക്കോഴി വിതരണം പൂർത്തിയായി.

ആരോഗ്യ മേഖലയിൽ ഹോമിയോ, മെഡിക്കൽ, ആയുർവേദ മരുന്ന് വാങ്ങുന്ന പദ്ധതികൾ നടപ്പിലാക്കി. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്ക് മുഴുവൻ തുകയും നൽകുന്നതിന് സാധിക്കും.

നവകേരളാ മിഷന്റെ ഭാഗമായി ഹരിതകേരളം മാലിന്യ നിർമ്മാർജ്ജന പരിപാടിയിൽ പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മ സേനയിൽ 26 അംഗങ്ങളുണ്ട്. പഞ്ചായത്തിലെ ഭവന ങ്ങളിലേയും വ്യാപാര സ്ഥാപനങ്ങളിലേയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ലൈഫ്മിഷൻ പദ്ധതിവഴി വീടുകൾ നിർമ്മിച്ചു നൽകുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന പുനരുദ്ധാരണവും നടത്തുവാൻ സാധിച്ചു. കക്കൂസ് മെയിന്റനൻസ്, കക്കൂസ് നിർമ്മാണം തുടങ്ങിയ പദ്ധതികളും ഏറ്റെടുക്കാൻ സാധിച്ചു.

ഗ്രാമപഞ്ചായത്തിൽ നടപ്പു സാമ്പത്തിക വർഷം തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനും സാധിച്ചു. പഞ്ചായത്തിലെ വിവിധ റോഡുകൾ ടാറിംഗ് നടത്തുന്നതിനും അറ്റകുറ്റപണി നടത്തുന്നതിനും സാധിച്ചു.

പട്ടിക ജാതി വികസന ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിദ്യാർത്ഥി കൾക്ക് ഫർണീച്ചർ വിതരണം നടപ്പിലാക്കി.

ജയപരാജയ കാരണങ്ങൾ

മൃഗ സംരക്ഷണവും, ക്ഷീരവികസനവും

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആദ്യ മൂന്ന് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ക്ഷീരമേഖലയിൽ നടപ്പിലാക്കിയ വികസന പദ്ധതികളിൽ മിക്കവയും ക്ഷീര ഉത്പാദനവും, ഉദ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. നല്ലയിനം കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുകയുണ്ടായി ക്ഷീര സംഘങ്ങളിൽ പാൽ അളന്ന കർഷകർക്ക് ഇൻസെന്റീവ് നൽകുക വഴി പാൽ ഉദ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. കന്നുകുട്ടിപരിപാലന പരിപാടിയിൽ 1410 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു.

ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

പതിനാലാം പദ്ധതിയിലെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അടിസ്ഥാന ആവശ്യങ്ങളായ ഭവന നിർമ്മാണം പുനരുദ്ധാരണം ഇവയ്ക്ക് മുൻഗണന നൽകിയാണ് പദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്ത് പ്രദേശത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകികൊണ്ട് പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ദരിദ്രരിൽ ദരിദ്രരായ അഗതി കുടുംബങ്ങളെ കണ്ടെത്തി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആവശ്യമായ വൈദ്യസഹായവും, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായുള്ള സഹായവും, അരി അടക്കമുള്ള ആവശ്യ വസ്തുക്കളടങ്ങിയ കിറ്റു നൽകുകയുണ്ടായി. ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയ അംഗങ്ങൾക്ക് സ്ഥലവും, വീടും കണ്ടെത്തി നൽകാൻ സാധിച്ചിട്ടുണ്ട്. അതിദരിദ്രരുടെ മൈക്രോപ്ലാനിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം വിതരണം, വീട് വാസയോഗ്യമാക്കൽ പദ്ധതികൾ നടപ്പിലാക്കി.

സാമൂഹ്യക്ഷേമം

(വൃദ്ധർ, ശാരിരീക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ മൂന്നു പദ്ധതികളിൽ വാർഷിക പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി വൃദ്ധർക്ക് വേണ്ട പരിചരണവും മരുന്നും അവരുടെ വാസസ്ഥലത്ത് എത്തിക്കുന്നതിന് സാധിച്ചു. 60 വയസ്സ് പൂർത്തീകരിച്ചവർക്കെല്ലാം പെൻഷൻ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനും പെൻഷൻ നിലവിലുള്ളവർക്ക് തുക വർദ്ധിപ്പിച്ച് നല്കാനും സാധിച്ചിട്ടുണ്ട്.

പട്ടികജാതി വികസനം

പട്ടികജാതി വികസനപദ്ധതിയിൽപ്പെടുത്തി ഭവനരഹിതരായ മുഴുവൻ പട്ടികജാതിക്കാർക്കും ഭവന നിർമ്മാണം നടത്താൻ സാധിച്ചു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായ് ധനസഹായം നൽകിയിട്ടുണ്ട്. പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്കായ് കൂടുതൽ തുക വകയിരുത്തി മെച്ച

പ്പെട്ട പ്രവർത്തനം ഉറപ്പു വരുത്താനും സാധിച്ചിട്ടുണ്ട്. പട്ടികജാതിക്കാരുടെ ഭവനം അറ്റകുറ്റപണികൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്.

വനിത-ശിശു വികസനം

സ്ത്രീകളുയെടും കുട്ടികളുടെയും ക്ഷേമത്തിനായ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏകോപിപ്പിച്ച്കൊണ്ടുവരുന്നതിനായി തയ്യാറാക്കിയതാണ് സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.) മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ 19 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. 6 മാസം മുതൽ 9 വയസ്സുവരെയുള്ള കുട്ടികൾ 3 നും 6 നും വയസ്സിന് ഇടയിൽ പ്രായമുള്ള പ്രീ-സ്കൂൾ കുട്ടികൾ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾ എന്നിവർ ഇവിടുത്തെ ഗുണഭോക്താക്കളാണ്.

പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ

1. 6 വയസ്സ് വരെയുള്ള കുട്ടിയുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുക
2. ശിശുക്കളുടെ, ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് ശരിയായ അടിത്തറപാകുക.
3. ശിശു മരണം, രോഗാതുരത, പോഷണക്കുറവ് എന്നിവ കുറയ്ക്കുക.
4. ശിശു വികസനത്തിന് അനുയോജ്യമായ വിവിധ വകുപ്പുകളുടെ ഏകോപനം.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷണ ആവശ്യകതയും ശ്രദ്ധിക്കുവാൻ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

ഐ.സി.ഡി.എസ്. ന്റെ ഉദ്ദേശ്യങ്ങൾ സാധ്യമാക്കുന്നതിന് എല്ലാ അംഗൻവാടികളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നു. നിലവിലുള്ള 19 അംഗൻവാടികളിൽ 16 എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്.

മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ തന്നെ വനിത ശിശുവികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. അംഗൻവാടികൾ വഴി നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാരപരിപാടി കുഞ്ഞുങ്ങൾക്ക് പുറമെ മൂലയൂട്ടുന്ന അമ്മമാർക്കും അതോടൊപ്പം കൗമാരക്കാരായ പെൺകുട്ടികൾക്കും ലഭ്യമാക്കുന്നതിന് സാധിച്ചു. കുടുംബശ്രീ യൂണിറ്റുകളുടെ ശക്തിപ്പെടുത്തൽ വഴി വീട്ടമ്മമാരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിക്കുന്നതിനും സാധിച്ചു.

കൃഷിയും അനുബന്ധമേഖലകളും

(മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി വനവൽക്കരണം)

14-ാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ തന്നെ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുന്നതിനായ് തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനായി കർഷകർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക വിളകളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജലസേചനം, യന്ത്രവൽക്കരണം, ഭക്ഷ്യസുരക്ഷ എന്നിവ ലക്ഷ്യമാക്കി പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷി

ചെയ്തുവരുന്ന പാടങ്ങൾക്ക് പുറമെ 4 ഹെക്ടറോളം തരിശു നിലങ്ങൾ കൂടി കൃഷി യോഗ്യമാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ ജനോപകാര പ്രദമായ പല പദ്ധതികളും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തോഫീസിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക വഴി ഓഫീസിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഗുണമേന്മാസംവിധാനം നടപ്പിലാക്കിയതുമുഖേന ഐ. എസ്. ഒ. 9001 : 2015 സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനും നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. K Smart സോഫ്റ്റ് വെയർ വഴി പൊതുജനങ്ങൾക്ക് ഓൺലൈനായി സേവനങ്ങൾ നൽകുന്നു.

ആരോഗ്യം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബ ആരോഗ്യ കേന്ദ്രവും ഒരു ആയുർവ്വേദ ഡിസ്പെൻസറിയും, 2 NRHM ഹോമിയോ ഡിസ്പെൻസറിയും ഒരു ഗവ. ഹോമിയോ ഡിസ്പെൻസറിയും ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ കുര്യനാടും, മരങ്ങാട്ടുപിള്ളിയിലും ഓരോ കുടുംബക്ഷേമ കേന്ദ്രവും ഉണ്ട്. ഈ കേന്ദ്രങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് എന്നിവരുടെ സേവനം ലഭ്യമാണ്. കൂടാതെ 17 ആശ പ്രവർത്തകരുടെ സേവനവും ലഭ്യമാണ്. കുടുംബരോഗ്യ കേന്ദ്രം വഴി രോഗികളുടെ ചികിത്സ, കിടത്തി ചികിത്സ, പകർച്ചവ്യാധി നിയന്ത്രണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ, സ്കൂൾ ആരോഗ്യ പരിപാടി, പാലിയേറ്റീവ് കെയർ എന്നിവ നടത്തി വരുന്നു. ആയുർവേദം, ഹോമിയോ, ആശുപത്രികളിൽ രോഗികൾക്ക് വേണ്ടി ചികിത്സയും മരുന്നും ലഭ്യമാണ്. മരങ്ങാട്ടുപിള്ളി കുടുംബ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു.

വകുപ്പുകൾ ഏജൻസികൾ നടത്തിയപരിപാടികൾ

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ കേന്ദ്രസർക്കാർ പദ്ധതി എൻ.ആർ.ഇ.ജി.എസ്. എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ അനുപൂരക പോഷകാഹാര പരിപാടിക്കും, ഭിന്നശേഷി സ്കോളർഷിപ്പ് പദ്ധതിക്കും, ലൈഫ് പദ്ധതിക്കും ധനസഹായം അനുവദിച്ചുതന്നു.

സംസ്ഥാന സർക്കാരിന്റെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. സാമ്പത്തിക പരിമിതികൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ വിവിധ റോഡുകൾ മെയിന്റനൻസ് ഫണ്ട്. എം. പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് തുടങ്ങിയവയിലൂടെ മെയിന്റനൻസ് നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിനെ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ കുടിവെള്ള പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലമിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

അദ്ധ്യായം-3

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാദ്ധ്യതകളും

1.1 വിഷയമേഖല/വിഭാഗത്തിന്റെ പേര്:

കണക്കുകൾ തയ്യാറാക്കൽ ജനസേവനം മെച്ചപ്പെടുത്തൽ

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. സമ്പൂർണ്ണ കംപ്യൂട്ടർവത്കരണം സോഫ്റ്റ് വെയർ കാലികമാക്കൽ
2. പഞ്ചായത്ത് ഓഫീസിൽ **ISO** നിലനിർത്തൽ

3. നയസമീപനം കാഴ്ചപ്പാട്

1. ജീവനക്കാർക്ക് കംപ്യൂട്ടർ പരിശീലനം, സമ്പൂർണ്ണ കംപ്യൂട്ടർവത്കരണം, സോഫ്റ്റ്വെയർ കാലികമാക്കൽ
2. ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സോളാർ സംവിധാനം ഏർപ്പെടുത്തൽ

4. വികസനതന്ത്രം

ആധുനികവത്കരണ സാധ്യതകൾ ഉപയോഗിച്ച് പൊതുജനസേവന നിലവാരം ഉയർത്തുകയും, വെബ്ബ് അധിഷ്ഠിതസേവനം വ്യാപകമാക്കുകയും ചെയ്യുക

5. മുൻഗണനകൾ

1. കംപ്യൂട്ടർ വത്കരണം 2. സേവന പ്രദാനസംവിധാനം ആധുനികവത്കരിക്കുക

2. വിഷയമേഖല/വിഭാഗത്തിന്റെ പേര്

കൃഷി അനുബന്ധമേഖല

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. തൊഴിലാളി ലഭ്യതക്കുറവ് 2 വളം, കീടനാശിനി വില വർദ്ധനവ്, 3. രോഗബാധ

3. നയസമീപനം കാഴ്ചപ്പാട്

1. കുടുംബശ്രീ ഉൾപ്പടെയുള്ളവരെ പാട്ടകൃഷിക്ക് പ്രോത്സാഹിപ്പിക്കുക
2. സബ്സിഡി അനുവദിക്കൽ
3. മെച്ചപ്പെട്ട് വിത്തിനങ്ങൾ ലഭ്യമാക്കുക
4. ജലസേചനസൗകര്യം മെച്ചപ്പെടുത്തുക

4.വികസനതന്ത്രം

ആധുനിക കൃഷിരീതികളും, തൊഴിലുറപ്പ് പദ്ധതി, യന്ത്രവത്കരണം എന്നിവയിലുടെ വികസനം നേടുക. കൃഷിചെയ്യുന്നതിന് സഹായകമായ പശ്ചാത്തലം ഒരുക്കുക.

5. മുൻഗണനകൾ

1. വിത്ത് വളം. ജലസേചന സൗകര്യം ലഭ്യമാക്കൽ

2. ചെറുകിട ഇടത്തരം കർഷകർക്ക് സഹായം

3. ഡിപ്പാർട്ട്മെന്റ് പദ്ധതികൾ സംയോജനം 4. വനിതകളെ കൂടുതൽ കൃഷിയിലേക്ക് കൊണ്ടു വരിക

3.1 വിഷയമേഖല/വിഭാഗത്തിന്റെ പേര്
മൃഗസംരക്ഷണം/ക്ഷീരവികസനം

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. കാലിതീറ്റ വിലവർദ്ധനവ്

2. കാലികളുടെ രോഗബാധ 3. മെച്ചപ്പെട്ടയിനംകാലികളുടെ ലഭ്യതക്കുറവ്

4. പശ്ചാത്തലസൗകര്യം കുറവ്

3. നയസമീപനം കാഴ്ചപ്പാട്

1. കാലിത്തീറ്റ സബ്സിഡി അനുവദിക്കൽ 2. മരുന്നുകൾ ലഭ്യമാക്കൽ 3. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹനം 4. തൊഴുത്ത് നിർമ്മിക്കാൻ സഹായം 5. വനിതകൾക്കും, പട്ടികജാതിക്കാർക്കും ഈ രംഗത്ത് സഹായം നൽകുക,

4. വികസനതന്ത്രം

രോഗബാധ നിയന്ത്രണം, പ്രാദേശികമായി പുല്ല് ഉത്പാദനം, കാലീതീറ്റ സബ്സിഡി എന്നിവയിലുടെ ഉത്പാദനംവർദ്ധിപ്പിക്കൽ

5. മുൻഗണനകൾ

1. തൊഴുത്ത് നിർമ്മാണം സഹായം
2. കാലിത്തീറ്റ സബ്സിഡി
3. ഡിപ്പാർട്ട്മെന്റ് പദ്ധതികൾ സംയോജനം
4. മുട്ടക്കോഴിവിതരണം

1. വിഷയമേഖല/വിഭാഗത്തിന്റെ പേര് പ്രാദേശിക സാമ്പത്തിക വികസനം

2 . വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. വ്യവസായപശ്ചാത്തലം കുറവ്

2. വായ്പലഭിക്കാനുള്ള തടസ്സം

3. നയസമീപനം കാഴ്ചപ്പാട്

1. വ്യവസായ എസ്റ്റേറ്റ് പോലുള്ളവയ്ക്ക് ഗവ. സഹായം തേടി

2. സന്നദ്ധരായവർക്ക് വായ്പ സഹായവും, സബ്സിഡിയും

3. വനിതാ ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിക്കൽ

4. വികസനതന്ത്രം

ചെറുകിടവ്യവസായ സംരഭത്തിനുള്ള വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് സർക്കാരിനോട് സഹായം അഭ്യർത്ഥിക്കും, ഗ്രൂപ്പ് സംരംഭങ്ങളെ സഹായിക്കും

5. മുൻഗണനകൾ

1. മൂലധനാവശ്യം കുറവുള്ള പദ്ധതികൾ കണ്ടെത്തി നടപ്പാക്കൽ

5. 1. വിഷയമേഖല/വിഭാഗത്തിന്റെ പേര് പൊതുമരാമത്ത്

2. വിഷയമേഖലയിൽ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. റോഡുകളുടെ ശോചനീയാവസ്ഥ
2. തെരുവ് വിളക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ
3. പഞ്ചായത്തിന് വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കൽ.

3. നയസമീപനം കാഴ്ചപ്പാട്

1. പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് പരമാവധി റോഡുകൾ മെച്ചപ്പെടുത്തക
2. സർക്കാരിനോട് കൂടുതൽ വിഹിതം റോഡ് പരിരക്ഷക്കായി ആവശ്യപ്പെടുക
3. തെരുവ് വിളക്ക് തകർന്ന് പോയവക്ക്പകരം ട്യൂബ് സ്ഥാപിക്കുക, തെരുവ് വിളക്കിന് മീറ്റർഘടിപ്പിക്കൽ

4. വികസനതന്ത്രം

പഞ്ചായത്ത് ഫണ്ട്, വിവിധ ഏജൻസികളുടെ ഫണ്ട് എന്നിവ ചേർത്ത് പദ്ധതിക്കാലത്ത് പരമാവധി റോഡ് സംരക്ഷണം, മെച്ചപ്പെടുത്തൽ എന്നിവ നടപ്പാക്കൽ.

5. മുൻഗണനകൾ

1. റോഡ് റീടാറിഗ് 2. കയറ്റമുള്ള സ്ഥലം കോൺക്രീറ്റിംഗ്

3. ഏജൻസി ഫണ്ടുകൾ കണ്ടെത്തുക 4. തെരുവ് വിളക്ക് മെച്ചപ്പെടുത്തൽ

6.1. വിഷയമേഖല/വിഭാഗത്തിന്റെ പേര്

ദാരിദ്ര്യ ലഘൂകരണം

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. ഭൂരഹിതർ, വീടില്ലാത്തവർ, വീട് മോശപ്പെട്ടവർ 2. അഗതികളായവർ, അതിദരിദ്രർ

4. വരുമാനക്കുറവ് മുലം കുടുംബം നടത്താൻ കഴിയുന്നില്ല

3. നയസമീപനം കാഴ്ചപ്പാട്

പുറമ്പോക്കിലുള്ളവരെ പുനരധിവസിപ്പിക്കൽ, ലൈഫ് പദ്ധതിയിൽ കുടുതൽ വീട് നിർമ്മാണം,വീട് അറ്റകുറ്റപണിക്ക് പദ്ധതി നടപ്പാക്കൽ

2. ആശ്രയപദ്ധതി പരിഷ്കരിച്ച് നടപ്പാക്കൽ 3. തൊഴിലുറപ്പ് പദ്ധതി കൂടുതൽ തലത്തിലേക്ക് വ്യാപിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കൽ

4. വികസനതന്ത്രം

ഈ പദ്ധതിക്കാലത്ത് എല്ലാ ഭൂരഹിതർക്കും, ഭവനരഹിതർക്കും സ്ഥലം വീട് എന്നിവ ലഭ്യമാക്കിയും, മോശപ്പെട്ട പരമാവധി വീടുകൾ അറ്റകുറ്റപണി നടത്തിയും,വരുമാന വർദ്ധനവ് നല്കുന്ന കാർഷികമേഖലയിലെ പദ്ധതികൾ നടപ്പാക്കിയും വികസനം നേടും

5. മുൻഗണനകൾ

1. പുറമ്പോക്ക് പുനരധിവാസം
2. ഭവന നിർമ്മാണം,വീട് അറ്റകുറ്റപണി
3. തൊഴിലുറപ്പു പദ്ധതിവ്യാപനം

7. വിഷയമേഖല/വിഭാഗത്തിന്റെ പേര്

ജെൻഡറും വികസനവും

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. വീട് മോശപ്പെട്ടവർ 2. അഗതികളായവർ 3. വരുമാനക്കുറവ് മൂലം കുടുംബം നടത്താൻ കഴിയുന്നില്ല 4. ശിശുക്കളുടെ ശാരീരികമാനസികവികസനത്തിനുതകുന്ന സൗകര്യങ്ങൾ അംഗൻവാടികളിൽ പരിമിതമാണ്

3. നയസമീപനം കാഴ്ചപ്പാട്

1. വീട് അറ്റകുറ്റപണിക്ക് പദ്ധതി നടപ്പാക്കൽ 2. ആശ്രയപദ്ധതി പരിഷ്കരിച്ച് നടപ്പാക്കൽ 3. തൊഴിലുറപ്പ് പദ്ധതി കൂടുതൽ തലത്തിലേക്ക് വ്യാപിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കൽ 4. കാർഷിക മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നടപ്പാക്കുക

5. വ്യവസായകേന്ദ്രം പൂർത്തീകരിക്കൽ 6.അംഗൻവാടി സേവനങ്ങൾ മെച്ചപ്പെടുത്തുക

4. വികസനതന്ത്രം

മോശപ്പെട്ട പരമാവധി വീടുകൾ അറ്റകുറ്റപണി നടത്തിയും,വരുമാന വർദ്ധനവ് നല്കുന്ന ക്ഷീരോത്പന്ന/കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പാക്കിയും വികസനം സാധ്യമാക്കുക. വ്യവസായകേന്ദ്രം പൂർത്തീകരിക്കുന്നതോടെ സംരംഭം ആരംഭിച്ചും വരുമാനസ്രോതസ്സ് കണ്ടെത്തുക, അംഗൻവാടിഅറ്റകുറ്റപണികൾ,മറ്റ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക

5 മുൻഗണനകൾ

1. വീട് അറ്റകുറ്റപണി 2.തൊഴിലുറപ്പ് പദ്ധതിവ്യാപനത്തിലുടെ കൂടുതൽ തൊഴിൽ ദിനം നൽകൽ 3. ഉത്പാദനമേഖലയിലെ പദ്ധതികൾ നടപ്പാക്കൽ

8. 1. വിഷയമേഖല/വിഭാഗത്തിന്റെ പേര്

സാമൂഹ്യനിതി

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. വീടുകളുടെ മോശം അവസ്ഥ 2. ചലനോപകരണങ്ങൾ ലഭ്യമാക്കൽ

3. അഗതിപരിചരണം, മാരകരോഗങ്ങൾക്ക് ചികിത്സാപരിചരണം എന്നിവ,

4. ഔഷധം ലഭ്യമാക്കൽ

3. നയസമീപനം കാഴ്ചപ്പാട്

1. വീട് അറ്റകുറ്റപണിക്ക് പദ്ധതി നടപ്പാക്കൽ,

2. വിവിധ ഉപകരണം ലഭ്യമാക്കൽ 3. ആശ്രയപദ്ധതി പട്ടിക പരിഷ്കരിച്ച് നടപ്പാക്കൽ

4. വികസനതന്ത്രം

സാമൂഹിക പരിഗണനയും മെച്ചപ്പെട്ട സേവനങ്ങളും നൽകി മുഖ്യധാരയിൽ കൊണ്ട് വരിക

5. മുൻഗണനകൾ

1. താമസിക്കുന്ന സാഹചര്യം മെച്ചപ്പെടുത്തൽ 2. ഉപകരണം ലഭ്യമാക്കൽ

3. ആശ്രയപദ്ധതി നടപ്പാക്കൽ

9.1. വിഷയമേഖല/വിഭാഗത്തിന്റെ പേര്

പട്ടികജാതി വികസനം

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. വീടുകളുടെ മോശം അവസ്ഥ 2. കുടുംബത്തിന്റെ വരുമാനക്കുറവ്

3 നയസമീപനം കാഴ്ചപ്പാട്

1. വീട് അറ്റകുറ്റപണിക്ക് പദ്ധതി നടപ്പാക്കൽ,

2. വിവാഹധനസഹായം നൽകൽ

3. ഉത്പാദനമേഖലയിലെ പദ്ധതികൾ നടപ്പാക്കി വരുമാനം ഉയർത്തുക

4. വികസനതന്ത്രം

ക്ഷീരോത്പന്ന/കാർഷികമേഖലയിൽ കുടൂതൽ സഹായം നൽകിയും, വീടുകളുടെ ശോചനീയാവസ്ഥ മെച്ചപ്പെടുത്തിയും, വിവാഹം പോലെയുള്ള സാമ്പത്തിക ബാദ്ധ്യതക്ക് സഹായം നല്കുകയും ചെയ്യുക

5. മുൻഗണനകൾ

1. താമസിക്കുന്ന സാഹചര്യം മെച്ചപ്പെടുത്തൽ 2.വരുമാനദായപദ്ധതികൾ നടപ്പാക്കൽ

3. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ പ്രാതിനിധ്യം നൽകൽ

10.1. വിഷയമേഖല/വിഭാഗത്തിന്റെ പേര്

ആരോഗ്യം

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1.മരുന്നുകളുടെ വിലകയറ്റം, ലഭ്യതക്കുറവ് 2.പശ്ചാത്തലസൗകര്യക്കുറവ്

3. ചികിത്സാച്ചിലവിലെ വർദ്ധനവ് 4. മഴക്കാലത്ത് പടരുന്ന രോഗങ്ങൾ

3. നയസമീപനം കാഴ്ചപ്പാട്

1. എല്ലാ വിധ മരുന്നുകളുംലഭ്യമാക്കൽ 2.വിവിധ ഉപകരണം ലഭ്യമാക്കൽ, ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ 3. ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തൽ. ഗവ.ഏജൻസി വഴി 4.രോഗപ്രതിരോധ ബോധവത്കരണപരിപാടി നടപ്പാക്കൽ

4. വികസനതന്ത്രം

നിലവിൽ സർക്കാർതലത്തിൽ നടപ്പാക്കുന്നു ആം ആദ്മി ബീമാ യോജനയിൽ കൂടുതൽ ആശുപത്രികളേയും, ചികത്സാവിഭാഗങ്ങളെയും ഉൾപ്പെടുത്തന്നിതിന് സർക്കാരിനോട് ആവശ്യപ്പെടൽ, അത്യാവശ്യമരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കൽ,

രോഗപ്രതിരോധ ബോധവത്കരണ പ്രവർത്തനത്തിലുടെ വികസനം സാധ്യമാകും

5. മുൻഗണനകൾ

1. പശ്ചാത്തലസൗകര്യം വർദ്ധപ്പിക്കൽ 2. ഉപകരണം ലഭ്യമാക്കൽ

3. രോഗപ്രതിരോധ പ്രവർത്തനം നടപ്പാക്കൽ 4. പാലിയേറ്റിവ് പരിചരണം

5. വിവിധ ഏജൻസി പ്രവർത്തനം സംയോജിപ്പിക്കൽ

11.1.വിഷയമേഖല/വിഭാഗത്തിന്റെ പേര്

വിദ്യാഭ്യാസം

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. വിദ്യാർത്ഥികൾ അൺ എയ്ഡഡ് മേഖലയിൽ പോകുന്നത് 2. സർക്കാർ സ്കൂളിൽ വാഹനസൗകര്യം ഇല്ലാത്തത് 3. പശ്ചാത്തലസൗകര്യം, സ്മാർട്ട് ക്ലാസ്സ് റൂം ഉറപ്പാക്കൽ

4. പഞ്ചായത്ത് സാംസ്കാരികനിലയം മെച്ചപ്പെടുത്തൽ

3. നയസമീപനം, കാഴ്ചപ്പാട്

1. ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുക 2. വിവിധ ഏജൻസികളേയും, പി. റ്റി. എയേയുംഉപയോഗിക്കുക 3. പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുക

4. കൂടുതൽ പുസ്തകമുൾപ്പെടുത്തി വായനശേഖരം വിപുലമാക്കൽ, കെട്ടിടസൗകര്യം വർദ്ധിപ്പിക്കൽ

4. വികസനതന്ത്രം

കൂടുതൽ പശ്ചാത്തല സൗകര്യം സർക്കാരിന്റെയും ഏജൻസികളുടെയും സഹായത്തോടെ കംപ്യൂട്ടർ വത്കരണം, സ്മാർട്ട് ക്ലാസ്സ് തയ്യാറക്കൽ, വാഹനസൗകര്യം ഏർപ്പെടുത്തൽ

5. മുൻഗണനകൾ

1.പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തൽ 2. കംപ്യൂട്ടർവത്കരണം 3. ഉച്ചക്കഞ്ഞി വിതരണം മെച്ചപ്പെടുത്തൽ 4. സാംസ്കാരികനിലയം മെച്ചപ്പെടുത്തൽ

12.1. വിഷയമേഖല/വിഭാഗത്തിന്റെ പേര്

കുടിവെള്ളം ശുചിത്വം

2. വിഷയമേഖലയിലെ പ്രധാന പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം 2. പ്ലാസ്റ്റിക് വസ്തുക്കളുടെ അമിതോപയോഗം

3. മാലിന്യം വലിച്ചെറിയൽ

3. നയസമീപനം കാഴ്ചപ്പാട്

1. ചെറിയ പദ്ധതികൾ വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെ കൂട്ടായ്മയിൽ നടപ്പാക്കൽ

2. ബോധവത്കരണം, നിയന്ത്രണം 3. വീടുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉറവിടമാലിന്യ സംസ്കരണത്തിന് ചെറിയ പൈപ്പ് കംപോസ്റ്റ്, ബയോഗ്യാസ് പദ്ധതികൾ നടപ്പാക്കൽ

4. വികസനതന്ത്രം

ഉറവിടമാലിന്യ സംസ്കരണംത്തിലൂടെ അളവ് നിയന്ത്രിക്കൽ, കുടിവെള്ള പദ്ധതികൾ പ്രാദേശികമായി നടപ്പാക്കിയും മഴവെള്ള സംഭരണത്തിലൂടെ ഭൂഗർഭജലവിതാനം ഉയർത്തിയും വികസനം നേടുക

5. മുൻഗണനകൾ

1. കംപോസ്റ്റ് ഉറവിടത്തിൽ സംസ്കരിക്കൽ 2.ചെറുകിട കുടിവെള്ളപദ്ധതി നടപ്പാക്കൽ

